ADJOURNMENT MOTION.

Serious situation consequent on the notification under the Arms Act suspending licences to hold arms.

മി. സ്പീക്കർ : അർഡർ, അർഡർ. പ്രതിപക്ഷനേതാവിൽനിന്നും, ശ്രീ. പൊന്നറ ശ്രീധറിൽനിന്നും ഓരോ അടിയന്തിരപ്രമേയത്തിനു് നോട്ടീസു കിട്ടിയിട്ടുണ്ടു്. സാധാരണ അടിയന്തിരപ്രമേയത്തിനു നോട്ടീസു കിട്ടുകയാണെങ്കിൽ, ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റുമെൻറു് വാങ്ങിയിട്ടു് അതിന്റെ അടിയന്തിര സ്വഭാവത്തെ സംബന്ധിച്ചു് ഒരു തീരുമാനം എടുക്കുക എന്ന ഒരു നടപടിക്രമമാണു് ഇതുവരെ സ്വീകരിച്ചിട്ടുള്ളതു്. ഈ നടപടിക്രമം മറ്റു നിയമസഭകളിലേതിൽനിന്നും ഭിന്നമാണെന്നു മനസിലാക്കിയതിന്റെ ഫലമായി, മറ്റു നിയമസഭകളിലെ ഇതു സംബന്ധിച്ചു നടപടിക്രമംപോലെ, അടിയന്തിരപ്രമേയത്തിനു വിഷയമാകുന്ന കാര്യം ഇവിടെ ചർച്ചചെയ്യാൻ അനുവദിക്കേണ്ടതിന്റെ ന്യായാന്യായങ്ങളെപ്പറ്റി അവതാരകനു് പറയാനുള്ള കാര്യവും പറയുന്നതിനു് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ക്ഷണിക്കുകയാണു്. 9 a. m.]

ശ്രീ. പി. ടി. ചാക്കോ : സർ, ഇന്നലെ ഒരു എക്സ്ട്രാഓർഡിനറി ഗസറ്റു് ഇറക്കിയിട്ടുണ്ടു്. ആ ഗസറ്റിൽ, ഈ രാജ്യത്തെ നാലു ഡിസ്ട്രിക്റ്റുകളിൽ തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം ഈ ഡിസ്ട്രിക്റ്റുകളിൽ ഉള്ള, ഇൻഡ്യൻ ആംസു് ആക്റ്റനുസരിച്ചുള്ള എല്ലാ ലൈസൻസുകളും സസ്പെൻഡു ചെയ്തുകൊണ്ടുള്ള ഒരു നോട്ടിഫിക്കേഷനുണ്ടു്. ഈ നോട്ടിഫിക്കേഷൻ, ഇൻഡ്യൻ ആംസു് ആക്റ്റു് 18-ാം വകുപ്പനുസരിച്ചുള്ളതാണു്. ഇൻഡ്യൻ ആംസു് ആക്റ്റു് 18-ാം വകുപ്പനുസരിച്ചു, ലൈസൻസു കൊടുത്തിട്ടുള്ള അതാറിട്ടിക്കോ, ആ അതാറിട്ടിക്കു് മേലധികാരമുള്ള ആൾക്കെങ്കിലുമോ ലൈസൻസു് റദ്ദുചെയ്യാം. 18-ാം വകുപ്പു് (ബി) അനുസരിച്ചു് ഇൻഡ്യയൊട്ടാകെയോ, ഓരോ പ്രദേശത്തു്മാത്രമോ പ്രത്യേക നോട്ടിഫിക്കേഷൻ അനുസരിച്ചു് ലൈസൻസു് റദ്ദുചെയ്യാനുള്ള അധികാരം ഇൻഡ്യാഗവണ്മെൻറിനും, അതായതു സ്റ്റേറ്റു ഗവണ്മെൻറുകൾക്കും നൽകുന്നുണ്ടു്. പക്ഷേ, 18-ാം വകുപ്പനുസരിച്ചു് അങ്ങനെ റദ്ദുചെയ്യുമ്പോൾ അതിനുള്ള കാരണങ്ങൾ പറഞ്ഞിരിക്കേണ്ടതാണു്. ഇവിടെ സസ്പെൻഡുചെയ്യുന്നതിനുള്ള യാതൊരു കാരണവും പറഞ്ഞിട്ടില്ല. സസ്പെൻഡുചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ഗുരുതരമായ അവസ്ഥയെപ്പറ്റി ഗവണ്മെൻറു പരിശോധിച്ചിട്ടില്ലെന്നുള്ളതു വ്യക്തമാണു്. ലൈസൻസു് കൊടുത്തിട്ടുള്ളതുതന്നെ, പ്രത്യേകം പോലീസു അന്വേഷണം നടത്തിയതിനുശേഷമാണു്. സാധാരണ തോക്കുകൂടാതെ, റിവാൾവർ, പിസ്റ്റൾ മുതലായവയ്ക്കും ലൈസൻസു കൊടുക്കുന്നുണ്ടു്. ഇങ്ങനെ ലൈസൻസു് കൊടുക്കുന്നതു് സാമാന്യം റസ്പക്ടഡ് പേഴ്സൻസിനായിരിക്കും. പോലീസു് മുൻകൂട്ടി പ്രത്യേകം അന്വേഷണം നടത്തി, ആളുകളുടെ സ്വഭാവത്തെയും മറ്റും മനസിലാക്കിയിട്ടാണു് ലൈസൻസു് കൊടുക്കുന്നതു്. അങ്ങനെ നൽകപ്പെട്ട ലൈസൻസുകളും ഇങ്ങനെ മൊത്തത്തിൽ റദ്ദുചെയ്യുക എന്നൊരനുഭവം ഈ രാജ്യത്തു് മുൻപുണ്ടായിട്ടില്ല. ഓരോ വ്യക്തിക്കും നോട്ടീസു് കൊടുത്തു, കാരണം പറഞ്ഞു് ലൈസൻസു് റദ്ദുചെയ്യാം. അതും അവശ്യത്തെ മുൻനിറുത്തിമാത്രം ചെയ്യുകയാണു പതിവു്. 114-നു ശേഷം, ഈ രാജ്യത്തുണ്ടായ പ്രക്ഷോഭണത്തിന്റെ മദ്ധ്യത്തുപോലും, ഇവിടത്തെ ശിവൻ ചെയ്തതു്, റസ്പക്ടഡ് പേഴ്സൻസിനു് പ്രത്യേകം അന്വേഷണം നടത്തി കൊടുത്തിട്ടുള്ള ലൈസൻസുകളും ഓരോരുത്തക്കും പ്രത്യേകം നോട്ടീസുകൊടുത്തു കാരണം പറഞ്ഞിട്ടു് റദ്ദുചെയ്യുകമാത്രമായിരുന്നു. സർ, ഈ ഗസറ്റു നോട്ടിഫിക്കേഷൻ മൂലം വളരെ വിഷമം ഉണ്ടായിട്ടുണ്ടു്. അടുത്തകാലത്തു് വളരെയധികം എം. എൽ. എ. മാർ തന്നെ ലൈസൻസുകളും വാങ്ങിയിട്ടുണ്ടു്. അവർ ഇപ്പോൾ തിരുവനന്തപുരത്തു കഴിയുകയാണു്. നാലു ഡിസ്ട്രിക്റ്റുകളിലെ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസുകളും ഇന്നു് റദ്ദാക്കിയിരിക്കുകയാണു്. ഇന്നു് ഈ രാജ്യത്തു് ഗുരുതരമായ ഒരു സ്ഥിതി നേരിട്ടിരിക്കുന്നു എന്നുപറയുന്നതു ശരിയായിരിക്കാം. ഇന്നു് ലൈസൻസു് എടുത്തിട്ടുള്ളതു് സ്വയം രക്ഷയ്ക്കുവേണ്ടിയാണു്. അങ്ങനെയുള്ള ആളുകൾ അതു് വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നുപറയുന്നതു വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇവർക്കെല്ലാം സ്വയം രക്ഷയ്ക്കുവേണ്ടി പോലീസു് സഹായം കൊടുക്കാൻ ഗവണ്മെൻറു് തയ്യാറാണോ? അങ്ങനെ ഗവണ്മെൻറു് തയ്യാറില്ലെങ്കിൽ ഇതു് ആവശ്യമില്ലാത്ത ഒരു നടപടിയാണു്. ഇങ്ങനെയുള്ള ലൈസൻസുള്ളവർ ആയുധങ്ങൾ ഉപയോഗിച്ചു് എന്തെങ്കിലും അപകടം വരുത്തിയിട്ടുള്ളതു് വളരെവളരെ വിരളമാണു്. സാധാരണ ആരുംതന്നെ ഇതുപയോഗിക്കാറില്ല. സ്വയംരക്ഷയ്ക്കുവേണ്ടി, ഒരു ഉറപ്പിനുവേണ്ടി ഇതു കയ്യിൽവച്ചുകൊണ്ടിരിക്കുന്നതാണു്. ഇന്നു തിരുവനന്തപുരത്തു് കഴിഞ്ഞയ്ക്കുട്ടുന്ന പല എം. എൽ. എ. മാരും ഉടനെ നാട്ടിലേക്കു മടങ്ങിയിരിക്കുന്നു. ലൈസൻസു് സറണ്ടർ ചെയ്യാൻ. അതു് കൈവശം വച്ചുകൊണ്ടിരുന്നാൽ കുറ്റകരമാണു്. പോലീസുകാർ വീട്ടതോറും കയറി പരിശോധന നടത്തി ഇത്തരം ലൈസൻസു് എടുത്താൽ അതു് വിനയായിത്തീരും. സ്ഥലത്തില്ലാത്ത എം. എൽ. എ. മാരുടെ വീടുകളിൽപോലും പോലീസുകാർ കയറി അന്വേഷണം നടത്തി അനാവശ്യമായ ഒരു പരിഭ്രാന്തിസ്ഥിതി സൃഷ്ടിക്കുകയായിരിക്കും ഇതുമൂലം വന്നുചേരുന്നതു്. മുൻപു് ലൈസൻസു് തിരിയെ കൊടുക്കുന്നതിവില്ല, ഇപ്പോൾ ഇതു കൈവശം വച്ചുകൊണ്ടിരിക്കുന്നതു നിയമവിരുദ്ധമായിരിക്കുകയാണു്. ഇന്നു് ഇങ്ങനെയൊരു നിലയുണ്ടാകാൻ, ഈ രാജ്യത്തുണ്ടായിരിക്കുന്ന അടിയന്തിരഘട്ടം എന്താണു്? ഗവണ്മെൻറു് ഇതിനെപ്പറ്റിയൊന്നും പറയുന്നില്ല. ഇതു് ആളുകളുടെ കൈവശം ഇരിക്കുന്നതു് സ്റ്റേറ്റിൻറെ സെക്യൂരിറ്റിക്കു് ബാധകമാണെന്നു ഗവണ്മെൻറു് പറയുന്നു. ഇന്നുവരെ അങ്ങനെയുള്ള ഒരനുഭവം ഗവണ്മെൻറിനുണ്ടായിട്ടുണ്ടോ; അത്തരം ആളുകൾക്കു് ലൈസൻസു കൊടുത്തിട്ടുണ്ടോ? ഒരു യുദ്ധപരിതസ്ഥിതിയെ നേരിടാനെന്നവണ്ണം ഇപ്പോൾ ഈ നടപടി സ്വീകരിച്ചിരിക്കുന്നതിൽനിന്നും ഊഹിക്കാവുന്നതു്, ഗവണ്മെൻറു് വളരെ ശക്തിയായ ഈ രാജ്യത്തെ ബഹുജനാഭിപ്രായത്തെ അടിച്ചമർത്തുന്ന ഒരു നയം സ്വീകരിച്ചിരിക്കുന്നുവെന്നാണു്. ഈ നാട്ടിലെ ജനങ്ങൾക്കു് സ്വയം രക്ഷയ്ക്കു കൊടുത്തിട്ടുള്ള ആയുധങ്ങൾപോലും ഗവണ്മെൻറിലേയ്ക്കു് തിരിച്ചെടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണു്. തിരിയെ എടുക്കാൻപോകുന്ന ആയുധങ്ങൾതന്നെ ഇവിടെ ഭരിക്കുന്ന കക്ഷിയുടെ കയ്യിലേയ്ക്കു് പോകുകയല്ലേ എന്നും സംശയമുണ്ടു്. ഇങ്ങനെ റദ്ദു ചെയ്യുന്ന ആയുധങ്ങളുടെ കൂട്ടത്തിൽ, ഭരിക്കുന്ന പാർട്ടിയിലെ ആളുകളുടെ ആയുധങ്ങൾ ഉൾപ്പെടാൻ ഇടയുണ്ടോ എന്നും സംശയമുണ്ടു്. ഏതായാലും കുറെ ആളുകളെ പോലീസിലേക്കു എടുക്കാൻ പോകുന്നു, അതു ഭരണപാർട്ടിയിലെ ആളുകളെ ആയിരിക്കും എന്നും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ, ഈ രാജ്യത്തു് യാതൊരു ആപത്തും ഉണ്ടാകാതെ സ്വയം രക്ഷയ്ക്കുവേണ്ടി ലൈസൻസു് എടുത്തു്, ചിലർ കൈവശം വച്ചിരിക്കുന്ന ആയുധങ്ങൾ തിരിച്ചെടുത്തു്, ഭരണകക്ഷിയിൽപ്പെട്ട ആളുകളെ പോലീസിലേക്കു് തിരഞ്ഞെടുത്തു് അവരെ ആയുധപ്പെടുത്തിക്കാൻ പോകുകയാണെന്നൊരു പരിഭ്രാന്തിയും ഇന്നു് രാജ്യത്തുണ്ടായിട്ടുണ്ടു്. ഇതിനുതക്ക എന്തൊരു സാഹചര്യമാണു് ഈ രാജ്യത്തുണ്ടായിട്ടുള്ളതു്? സ്വയം രക്ഷയ്ക്കുവേണ്ടി ഈ നാട്ടിലെ റസ്റ്റ്ക്കുഡു് പേഴ്സൺസു് വാങ്ങിയിട്ടുള്ള ലൈസൻസുകൾ റദ്ദാക്കിയിട്ടു്, ആയുധങ്ങൾ തിരിയെ വാങ്ങിക്കുന്നതു് നിയമപ്രകാരം, കാരണം പറഞ്ഞു ഓരോരുത്തർക്കും നോട്ടീസു നൽകിയിട്ടു ചെയ്യേണ്ടതാണു്. അല്ലാതെ, വലിയൊരു യുദ്ധത്തിനു തയ്യാറാകുന്നതുപോലെ ഇത്തരം ഒരു നടപടി സ്വീകരിക്കുന്നതു്, ഇന്നുള്ള അടിയന്തിരാവസ്ഥയെ കൂടുതൽ അടിയന്തിരമാക്കിത്തീർക്കുകയായിരിക്കും. നിയമവിരുദ്ധമായി കൂടുപ്പോൾ ഇത്തരം ലൈസൻസോടുകൂടി. ആയുധങ്ങൾ കൈവശംവയ്ക്കുന്ന ഒരു പരിഭ്രാന്തിസ്ഥിതി ഗവണ്മെൻറുതന്നെ വരുത്തിവയ്ക്കുകയാണു്. ഇങ്ങനെ ലൈസൻസുള്ളവർ ആരെങ്കിലും ആയുധം കൈവശം വച്ചുകൊണ്ടിരിക്കുന്നതു് രാജ്യത്തിൻറെ താൽപര്യത്തിനു് ഏതുവിധത്തിലെങ്കിലും ഹാനികരമാണെങ്കിൽ ആ കാരണം പറഞ്ഞു് അതു തിരിയെ വാങ്ങാവു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ന്നതാണു്. അല്ലാതെ മൊത്തത്തിൽ സകലതും തിരിയെ വാങ്ങാൻ, അതും ഈ രാജ്യത്തെ നാലു ഡിസ്ട്രിക്റ്റുകളിൽനിന്നും തിരിയെവാങ്ങാൻ തീരുമാനിച്ചതു തെറ്റാണു്. ഇന്നലെ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ഒരു എം. എൽ. എ. പറഞ്ഞു; ഈ സ്റ്റേറ്റിൽ എന്തു പ്രക്ഷോഭണം ഉണ്ടായാലും ഒരു വിഭാഗം ആളുകളെ തിരിഞ്ഞു മർദ്ദിക്കാൻ ഞങ്ങൾ തയ്യാറാകുമെന്നു്; അതായതു് കൈക്കൂലിവരെ. അതു ശരിയാണെന്നു ഇതുകൊണ്ടുതന്നെ മനസ്സിലാകുന്നു. ഇപ്പോൾ നാലു ഡിസ്ട്രിക്റ്റുകളിൽമാത്രം ഇത്തരം ലൈസൻസുകളും റദ്ദാക്കുന്നതിനും ആയുധങ്ങൾ തിരിയെ വാങ്ങുന്നതിനുമുള്ള നടപടികളും കൈക്കൊണ്ടിരിക്കുന്നതു്, ഈ രാജ്യത്തെ ഒരു വിഭാഗം ആളുകളെ അടിച്ചമർത്താനാണെന്നുള്ള സംശയം ബലപ്പെടുത്തുകയാണു് ചെയ്യുന്നതു്, ഇതിനെപ്പറ്റി ഗവണ്മെൻറു് കാര്യമായി ആലോചിക്കേണ്ടതാണു്. അവശ്യമില്ലാത്ത വിഷമം ഗവണ്മെൻറുതന്നെ വരുത്തിവയ്ക്കരുതെന്നു് ഗവണ്മെൻറിനോടു് അവശ്യപ്പെടുകയും ചെയ്യുന്നു.

ശ്രീ. പൊന്നറ ജീ. ശ്രീധർ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് അടിയന്തിരപ്രമേയത്തിൽ എന്താണാവശ്യപ്പെട്ടിട്ടുള്ളതെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ ആവശ്യപ്പെട്ടിരിക്കുന്നതു് ഇന്നു ഈ രാജ്യത്തു് ഒരു അടിയന്തിരാവസ്ഥ സംജാതമായിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ ഈ നിയമസഭാ നടപടികളും മാറ്റിവച്ചിട്ടു് ആ പ്രത്യേക പരിതഃസ്ഥിതിയെപ്പറ്റി ചർച്ച നടത്താൻ സമയം അനുവദിക്കണമെന്നാണു്.

Mr. Speaker : That adjournment motion is not taken up. It is an identical one.

ശ്രീ. പൊന്നറ ജീ. ശ്രീധർ : അദ്ദേഹം അതിനു പറഞ്ഞ ന്യായങ്ങളല്ല എനിക്കു പറയാനുള്ളതു്. സർ, ഇന്നു ഈ രാജ്യത്തു് ഒരു പ്രത്യേക പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടു്. എനിക്കറിയാൻകഴിഞ്ഞിട്ടുണ്ടു്; ഈ നാട്ടിൽ വലിയൊരുവിഭാഗം ആളുകളും ഒരു പ്രക്ഷോഭണത്തിനു തയ്യാറായിരിക്കുകയാണു്; അതു് ഈ മന്ത്രിസഭയെ മാറ്റുന്നതിനുവേണ്ടിയാണു്. അതു് അക്രമരഹിതമായ മാർഗ്ഗങ്ങളിൽക്കൂടിയായിരിക്കുമെന്നാണു് എൻെറ വിശ്വാസം. ഏതായാലും ഇങ്ങനെയൊരു പരിതഃസ്ഥിതിയുണ്ടെന്നു ഗവണ്മെൻറുതന്നെ സമ്മതിച്ചിരിക്കുകയാണു്; സ്റ്റേറ്റിനെതിരായിട്ടു് ഒരു സംരംഭം ഇവിടെ നടക്കുന്നുണ്ടെന്നു്. ഈ രാജ്യത്തെ ഒരു വിഭാഗം ആളുകളെമാത്രം അടിച്ചമർത്താനാണോ ക്രസ്ത്യാനികളെമാത്രം അടിച്ചമർത്താനാണോ നാലു ഡിസ്ട്രിക്റ്റുകളിലെ ലൈസൻസു് റദ്ദുചെയ്യുന്നതിനും, ആയുധങ്ങൾ തിരിയെ വാങ്ങുന്നതിനും ഗസറ്റു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതെന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവു് സംശയം പ്രകടിപ്പിച്ചു. ഇൻഡ്യൻ ആംസ് ആക്റ്റിലെ 18–ാംവകുപ്പിൽ പറയുന്നതു്, ഒരു സ്റ്റേറ്റിൻെറ സെക്യൂരിറ്റിക്കു എന്തെങ്കിലും കുഴപ്പംസംഭവിക്കുമെന്നുകണ്ടാൽ മാത്രമേ ഇത്തരം നടപടികളും സ്വീകരിക്കാവൂ എന്നാണു്. ഇപ്പോൾ ഗവണ്മെൻറു് ഈ നടപടി സ്വീകരിച്ചിരിക്കുന്നതിൽനിന്നും എന്തോ കുഴപ്പം ഇവിടെ ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കുന്നതായി കരുതണം. ഇന്നുതന്നെ ചോദ്യോത്തര വേളയിൽ മൂന്നാം നമ്പർ ചോദ്യത്തിനു മറുപടിയായി ഈ നാട്ടിൽ ഒരു സംഘർഷാവസ്ഥയുണ്ടാകുവാനുള്ള സാഹചര്യമുണ്ടെന്നു ഗവണ്മെൻറു് സമ്മതിച്ചിട്ടുണ്ടു്. ആ നിലക്കു് ഏറ്റവും അടിയന്തിരമായ ഈ കാര്യം ഈ നിയമസഭയിൽ ചർച്ചചെയ്യുണ്ടതു് വളരെ അവശ്യമാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഇപ്പോൾ അസംബ്ലി കൂടിക്കൊണ്ടിരിക്കുകയാണു്. ഈ സ്റ്റേറ്റിൽ ഇന്നുണ്ടായിട്ടുള്ള ഏറ്റവും അടിയന്തിരമായ ഒരു കാര്യത്തെപ്പറ്റി ചർച്ച നടത്താനും, ആ സ്ഥിതിക്കു് എന്തെങ്കിലും സഹായകമായ ഒരു മാറ്റം വരുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകാനും ഈ നിയമസഭയ്ക്കു് അവകാശമുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ജൂൺ മൂന്നാംതീയതിയാണു് ഇങ്ങനെയൊരു ഗസറ്റു നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടു-

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിരിക്കുന്നത്. ഞാൻ ഈ കാര്യം യാദൃച്ഛികമായി ഒരു ഗസറ്റ് ഷീറ്റ് കാണാൻ ഇടയായപ്പോഴാണ് അറിയുന്നത്. എനിക്ക് ലൈസൻസില്ല. ലൈസൻസുണ്ടായിരുന്നാലും ഈ വിവരം അറിയുമായിരുന്നില്ല. ഞാൻ ഇതറിയാതെ എന്റെ തോക്കുംകൊണ്ട് കോട്ടയംഡിസ്ട്രിക്ടിലോ, കൊല്ലത്തോ അകപ്പെട്ടുപോയാൽ എന്തായിരിക്കും സ്ഥിതി? ഏതായാലും ഇത്രമാത്രം അടിയന്തിരമായ ഒരു പരിതഃസ്ഥിതി ഇന്നുണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റും സമ്മതിക്കുന്ന നിലയ്ക്ക് ഇതിനെപ്പറ്റി ഇവിടെ ചർച്ചചെയ്യാനുള്ള സമയം അനുവദിക്കണമെന്നും, അതു് ഇന്നല്ലെങ്കിൽ മറ്റൊരു ദിവസം ആയാൽ മതിയെന്നും അങ്ങനെ ചെയ്യുന്നതു് ഗവണ്മെന്റിനുതന്നെ സഹായകമായിരിക്കുമെന്നും ഞാൻ ഈ സഭയെ അറിയിക്കുകയാണു്. ബഹുമാനപ്പെട്ട സ്പീക്കർ ഇതിനു് അനുമതി നൽകുമെന്നു വിശ്വസിക്കുകയാണു്.

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സർ, ഇതിനെ സംബന്ധിച്ചു് എനിക്കു പറയാനുള്ളതു് ഏകദേശം ഇന്നലെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽത്തന്നെയുള്ള കാര്യമാണു്. ഗവണ്മെന്റു് സാധാരണനിലയിൽ കവിഞ്ഞു് ഒരു മുൻകരുതൽ നടപടി എടുത്തിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അതിനുള്ള കാരണം ബഹുമാനപ്പെട്ട ശ്രീധർ പറഞ്ഞതുതന്നെയാണു്. നാം യാഥാർത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ടു് യാതൊരു കാര്യവുമില്ല. ഇതു് ഇന്നോ, ഇന്നലയോ ഉണ്ടായിട്ടുള്ള ഒരു അടിയന്തിരാവസ്ഥയാണെന്നു പറയുന്നതു ശരിയല്ല. കുറച്ചുകാലമായി ഈ രാജ്യത്തെ എല്ലാ പ്രതിപക്ഷ പാർട്ടികളുടേയും നേതൃത്വത്തിൽ നടന്നുവരുന്ന പ്രക്ഷോഭണത്തിന്റെ ഫലമായി നിയമസമാധാനങ്ങൾക്കു അപകടംവരുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു ഒരു യാഥാർത്ഥ്യം മാത്രമാണു്. അതോടൊപ്പംതന്നെ ഇന്നലെ ഈ സഭയിൽ ഞാൻ പ്രസ്താവിച്ചതുപോലെ വ്യാപകമായനിലയിൽ ഈ സ്റ്റോറിൽ നാനാഭാഗത്തും വാളൻറിയേഴ്സിനെ സംഘടിപ്പിക്കുക, ഡ്രിൽ ചെയ്യിക്കുക അടി, തടമുറകൾ അഭ്യസിപ്പിക്കുക, ആയുധപരിശീലനം നൽകുക, ആയുധങ്ങൾ ശേഖരിക്കുക മുതലായ സംഭവങ്ങളെപ്പറ്റി റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുകയാണു്.

ഇതെല്ലാം കണ്ടുകൊണ്ടു് നിയമവും സമാധാനവും സംരക്ഷിക്കാൻ മുമതലപ്പെട്ട ഒരു ഗവണ്മെന്റു് കൈയുംകെട്ടി ഇരിക്കുന്നതു് ബുദ്ധിപൂർവ്വകം ആയിരിക്കുകയില്ല. അതു് രാജ്യത്താൽപ്പര്യത്തിനും ജനങ്ങളുടെ താൽപ്പര്യത്തിനും അനുയോജ്യം ആയിരിക്കുകയില്ല. അതുകൊണ്ടു് എന്തെങ്കിലും പ്രക്ഷോഭണപരിപാടികൾ നടത്തുകയാണെങ്കിൽ രക്തച്ചൊരിച്ചിലും മറ്റു അനിഷ്ടസംഭവങ്ങളും ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ എടുക്കണമെന്നേ ഗവണ്മെന്റു് വിചാരിച്ചുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണു് ഗവണ്മെന്റു് നടപടിയെടുത്തിട്ടുള്ളതു്. ഇൻഡ്യൻ ആംസ് ആക്ടിലെ 18-ാം വകുപ്പു് അനുസരിച്ചു് പ്രത്യേകം പ്രത്യേകം ഓരോരുത്തരുടേയും ലൈസൻസു് കാൻസൽ ചെയ്യാനുള്ള അധികാരം ഗവണ്മെന്റിനുണ്ടെന്നും അടിച്ചു് എല്ലാവരുടേയും ലൈസൻസു് സസ്പെൻഡു ചെയ്യുന്നതു് തെറ്റാണെന്നും പ്രതിപക്ഷനേതാവു് ചൂണ്ടിക്കാണിക്കുകയുണ്ടായി. എനിക്കതിനെപ്പറ്റി പറയാനുള്ളതു് പ്രത്യേകം പ്രത്യേകം ഓരോരുത്തരുടേയും കേസു് പരിശോധിച്ചു ലൈസൻസു റദ്ദു ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാം. പക്ഷേ ഇന്നത്തെ സ്ഥിതിയിൽ അങ്ങനെ ചെയ്യുന്നതു് യുക്തമായിരിക്കുമെന്നു തോന്നുന്നില്ല. അങ്ങനെ ചെയ്താൽ ഇന്നത്തെ നിലയിൽ കമ്മ്യൂണിസ്റ്റുകാർക്കു മാത്രം ലൈസൻസു് കൊടുത്തു, മറ്റുള്ളവരുടെ ലൈസൻസു് റദ്ദുചെയ്തു എന്നുള്ള ആരോപണം ഉണ്ടാകും. പൊതുവേ ഇതു ദുരുപയോഗപ്പെടുത്താനുള്ള സാഹചര്യം ഉണ്ടെന്നു മനസ്സിലാക്കിയാണു് ഗവണ്മെന്റു് അങ്ങനെ ചെയ്തതു്. അതുപോലെതന്നെ നാലു ഡിസ്ട്രിക്ടുകളിൽ മാത്രം ഇതു നടപ്പിൽവരുത്തിയതിനെപ്പറ്റിയും വളരെ വിചിത്രമായ വാദഗതികളും ഉന്നയിക്കുകയുണ്ടായി. ആ പ്രസ്താവനതന്നെ നിർഭാഗ്യകരമായിപ്പോയി. തൃശ്ശൂർ, എറണാകുളം, കോട്ടയം, കൊല്ലം— ഈ നാലു ഡിസ്ട്രിക്ടുകളും എടുക്കുകയാണെങ്കിൽ ജനസംഖ്യയിൽത്തന്നെ ഭൂരിപക്ഷവും ക്രിസ്ത്യാനികളാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

ലൈസൻസുള്ള ആളുകൾ ക്രിസ്ത്യാനികളാണെന്നു പറയണം. അതും ശരിയായിരിക്കുമെന്നു തോന്നുന്നില്ല. എല്ലാ സമുദായത്തിൽപ്പെട്ടവർക്കും ലൈസൻസു കൊടുത്തിട്ടുണ്ട്. ജാതിനോക്കിയല്ല ലൈസൻസു് കൊടുത്തിട്ടുള്ളതു്. അനാവശ്യമായ ഭീതിസൃഷ്ടിക്കുന്ന അഭിപ്രായം നടത്തി. അതിലെന്തെങ്കിലും ഉദ്ദേശമുണ്ടായിരിക്കാം. അതിനെപ്പറ്റി ഒന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഏതെങ്കിലും ഒരു സമുദായത്തിനെതിരെ ഗവണ്മെന്റു് എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നില്ല. ഈ പ്രവൃത്തിയിൽ അതിന്റെ യാതൊരു അടിസ്ഥാനവുമില്ല. ഇതു് നിയമസമാധാനപരിപാലനത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടാതിരിക്കാൻ ഒരു മുൻകരുതൽ നടപടി എടുത്തിട്ടുള്ളതാണു്. ഈ തോക്കുകൾ തിരിച്ചു് കിട്ടുകയില്ലെന്നു പറയുന്നതു് ശരിയല്ല. അടിയന്തിരസ്ഥിതി മാറുമ്പോൾ തിരിച്ചുകൊടുക്കും. ഈ പ്രശ്നം ഗവണ്മെന്റിന്റെ സാധാരണ ചുമതലയിൽപ്പെട്ട കാര്യമാണു്. അതിൽക്കവിഞ്ഞു് അടിയന്തിരമായി ചർച്ചചെയ്യേണ്ട കാര്യമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : റൂൾ അനുസരിച്ചു് അർജ്ജൻറു് പബ്ലിക്കു് ഇംപോർട്ടൻസു് ഉള്ളതാണെങ്കിൽ ഡിസ്കഷൻ ആവശ്യപ്പെടാൻ എനിക്കവകാശമുണ്ടു്. അർജ്ജൻറു് പബ്ലിക്കു് ഇംപോർട്ടൻസു് ഉള്ളതാണെന്നു അദ്ദേഹം സമ്മതിക്കുന്നു. ഞങ്ങൾ പറയുന്നതു കേട്ടു് ന്യായമായിട്ടു നാട്ടിൽ സമാധാനം പരിപാലിക്കണമെന്നുള്ളതല്ല അദ്ദേഹത്തിന്റെ ഉദ്ദേശം. ഇന്നു് സമാധാനപരമായ അന്തരീക്ഷം ഇല്ലെന്നു അദ്ദേഹം സമ്മതിച്ചു. ആ നിലയിൽ ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട കടമ അങ്ങേയ്ക്കുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ഈ ഉത്തരവുകൊണ്ടു് യാതൊരു അടിയന്തിര പരിതഃസ്ഥിതിയും സംജാതമായിട്ടില്ലെന്നു ഞാൻ പറഞ്ഞു. അതേ അവസരത്തിൽ രാജ്യത്തു് അങ്ങനെയൊരു സ്ഥിതിയുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ സാധാരണ നിയമസമാധാനപരിപാലനം നടത്തുന്നതിനുള്ള നടപടി എടുത്തിരിക്കുകയാണു്. അതിനെപ്പറ്റി ചർച്ചചെയ്യണമെന്നു പറയുന്നതു് ശരിയല്ല. അതു നിയമസഭയിൽ ചർച്ചചെയ്യുന്ന പതിവില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : സെക്ഷൻ 18-ൽ വളരെ ക്ലീയറായിട്ടു പറയുന്നുണ്ടു്. അതു ഞാൻ വായിക്കാം:

"....and when such authority deems it necessary for the security of the State to cancel such licences....."

അങ്ങനെ "for the security of the State ആവശ്യമാണെങ്കിൽ ഇന്നിവിടെ ഡിസ്കഷനു് ആവശ്യപ്പെടാനുള്ള അവകാശമില്ലേ?

ശ്രീ. പി. ടി. ചാക്കോ : ഈ ഉത്തരവുകൊണ്ടല്ലെങ്കിലും ഈ രാജ്യത്തു് ഒരടിയന്തിരപരിതഃസ്ഥിതിയുണ്ടെന്നു പറഞ്ഞു. രാജ്യത്തു് ഇന്നുള്ള അടിയന്തിരമായ സ്ഥിതിഗതികളെപ്പറ്റി നിയമസഭയിൽ ചർച്ചചെയ്യുന്നതിനു് സഭയുടെ നേതാവെന്ന നിലയിൽ ഇന്നു് ഒരവസരമുണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ : ഈ രാജ്യത്തു് ഒരു സംഘർഷാവസ്ഥ ഉണ്ടെന്നു ഞാൻ പറഞ്ഞു. അതു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. റൂളിൽ പറയുന്നതു് ഈ നിയമസഭ നടന്നതിനു ശേഷം എന്തെങ്കിലും അടിയന്തിര പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടെങ്കിൽ ചർച്ചചെയ്യാമെന്നുള്ളതാണു്.

ശ്രീ. പി. ടി. ചാക്കോ : രാജ്യത്തു് ഒരു സംഘർഷാവസ്ഥ ഉണ്ടെന്നു പറഞ്ഞു. അങ്ങനെയുള്ള അവസ്ഥയെപ്പറ്റി ഇവിടെ ചർച്ച നടത്താം. അങ്ങനെ ചർച്ചയ്ക്കു് അവസരമുണ്ടാക്കുവാൻ സഭാനേതാവിനു സമ്മതമുണ്ടോ എന്നാണു് അറിയേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: ഇന്നത്തെ നിലയിൽ അതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പടെയുള്ള പ്രതിപക്ഷപ്പാർട്ടികൾ ഈ ഗവണ്മെൻറിനെ അധികാരത്തിൽനിന്നും നീക്കംചെയ്യാനുള്ള സമരപരിപാടികൾ ആരംഭിച്ചിരിക്കുകയാണ്. മറിച്ചിടാൻ തീരുമാനിച്ചിട്ടുള്ളവരോടു് എന്താണ് അലോചിക്കേണ്ടതു്?

ശ്രീ. പി. ടി. ചാക്കോ: മറിച്ചിടാനല്ല തീരുമാനിച്ചിട്ടുള്ളതു്. നിങ്ങൾക്ക് അധികാരത്തിൽ തുടരാൻ അവകാശമില്ല, നിങ്ങൾ മാറണമെന്നു പറയുകയാണു്. അതിനു് പ്രക്ഷോഭണം നടത്തുന്നതിൽ പരിഭവം വിചാരിച്ചിട്ടു കാര്യമില്ല. അങ്ങനെ പ്രക്ഷോഭണം നടത്തുമ്പോൾ അക്രമമില്ലാതെയും ന്യായമായും നടത്തേണ്ടതു് ഞങ്ങളുടേയും നിങ്ങളുടേയും ആവശ്യമാണു്. അങ്ങനെ കാര്യങ്ങളെപ്പറ്റി ന്യായമസഭയിൽ നമുക്ക് ഒരുമിച്ചു ചർച്ചചെയ്യാം. അതിനു് സഭാനേതാവിനു സമ്മതമുണ്ടോ എന്നാണു് ചോദിക്കുന്നതു്?

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: പിന്നെ, ഭരണകക്ഷിയെ പിരിച്ചുവിടണമെന്നും അതിനുവേണ്ടി സംഘട്ടനാവസ്ഥ ഉണ്ടെന്നും വരികയാണെങ്കിൽ അങ്ങു പോയേക്കാമെന്നു പറയുമ്പോലെ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ പറഞ്ഞു് ബഹുമാനപ്പെട്ട മെമ്പർക്കു പോകാമല്ലോ.

Shri M. Narayana Kurup: It is admitted that the matter is one of urgent public importance. Then the next question is whether the steps taken by Government are matters of day-to-day administration. If that is not, this Assembly will be perfectly entitled in discussing the matter. Therefore, it is for the Speaker to decide, in the light of the explanation given by the Minister concerned, whether it is a matter of day-to-day administration as the other thing is already admitted. Then, the next thing will be whether any discussion in the Assembly will jeopardize the safety of the State. That is a matter to be considered. If that were so, as in Parliament, we can have a discussion *in camera*, in regard to this matter. The Minister has most uncharitably stated that because the Opposition Members have determined to overthrow this Government, they are not entitled to know the steps taken or that are to be taken by the Government. If that were so, it would have been perfectly legitimate for the Government to postpone or dissolve the Assembly. We are now demanding our right not as members who are condemned by Government but as legislators. We are sitting here as legislators. If the Assembly is not in session, we would not have made that demand. We have not forfeited our right as legislators because we have determined to overthrow this Government by peaceful means. That is not a proper explanation. If these conditions are satisfied we are entitled to have a discussion on this matter. I submit the Speaker will give a ruling considering all these aspects.

Shri N. Rajagopalan Nair: How can the overthrow be by peaceful means?

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: പീസ്ഫുൾ മീൻസിൽ എന്തിനാണു് തോക്കു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: After having heard the hon. Members who have given notices for the adjournment motion and the hon. Minister and other Members who incidentally took part in the debate, I am not now in a position to decide about the admissibility or otherwise of this motion. I am not prepared just now to make any commitment about the admissibility or non-admissibility of the motion. I will give a ruling tomorrow, and if I find that the motion is in order, a day will be fixed for the discussion after consulting the Leader of the House.

ശ്രീ. പൊന്നറ ജി. ശ്രീധർ : നോട്ടിഫിക്കേഷൻ നടപ്പിലുണ്ട്. അതുകൂടി അങ്ങു് നോക്കണം.

Mr. Speaker : That is exactly what I said. I must go through the relevant papers and arguments advanced by the hon. Members. It is a matter which is to be examined most carefully.

CALLING ATTENTION UNDER RULE 66

Mr. Speaker : I am in receipt of two Rule 66 notices. One is from Shri K. C. Abraham, another from Shri K. A. Balan. They are just complaints and the Members can seek remedies either from the Ministers or the authorities concerned.

ശ്രീ. കെ. സി. എബ്രഹാം : ഞാൻ ഉന്നയിച്ച കാര്യം ഈ നിയമസഭ പാസ്സാക്കിയ തീരുമാനത്തിനു വിരുദ്ധമായ ഒരു നടപടിയെ സംബന്ധിച്ചതാണു്.

Mr. Speaker : What I do is, when I receive Rule 66 motions, I send them to the Ministers concerned with a forwarding letter stating that immediate steps be taken. I also apprise them of the seriousness of the case.

Shri P. T. Chacko: But here is a case where there is a specific rule regarding a matter and the Government have passed apparently an order contrary to that rule. Unless the Minister explains the position, how can we bring the matter before any other authority, Sir? We cannot take the matter to the Director of Public Instruction, because evidently the order is from Government. So, it is for the Minister to explain the position. I am just submitting it for consideration.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: സർ, ഒരു പോയിൻറു് ആഫ് ആർഡർ. റൂൾ 66 അനുസരിച്ചുള്ള നോട്ടീസു് ബഹുമാനപ്പെട്ട സ്പീക്കർ തള്ളിയശേഷം പ്രതിപക്ഷനേതാവു് ഇത്രയധികം പ്രസംഗിക്കുന്നതു് ലജ്ജാകരമല്ലേ?

ശ്രീ. പി. ടി. ചാക്കോ: ഞാൻ റൂളിംഗിനെ ചോദ്യംചെയ്യുകയല്ല ചെയ്തതു്. പ്രധാനപ്പെട്ട ഒരു കാര്യമാണെന്നു തോന്നിയാൽ അതു് സ്പീക്കരുടെ ശ്രദ്ധയിൽപ്പെടുത്താം. അതിൽ തെറ്റൊന്നുമില്ല. ശ്രീ. ഭാസിക്കു കാര്യങ്ങളെപ്പറ്റി വിവരമില്ലാതെ പറയുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : വിവരമില്ലെങ്കിലും ചട്ടങ്ങൾ വിട്ടു് ഭാസി പോകാറില്ല.

ശ്രീ. ഇ. പി. ഗോപാലൻ : റൂളിംഗു് നൽകിയതിനുശേഷം അതിനെപ്പറ്റി സംസാരിക്കാമോ?

ശ്രീ. സി. എച്ച്. മാത്യു: മന്ത്രിയുടെ മറുപടി അറിയാനുള്ള ആഗ്രഹം ഉണ്ടെന്നു പറഞ്ഞാൽ അതു് റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല.

Mr. Speaker : We shall pass on to the next item.

LIBRARY ARCHIVES Kerala Legislative Assembly